കോട്ടയം വാട്ടർ മിറ്റർ

36 (3435)ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) കൺസ്യൂമർ പ്രൊട്ടക്ഷൻ സ്റ്റേറ്റ് കൗൺസിൽ കോട്ടയം വാട്ടർ മിറ്റർ മാറ്റി വയ്ക്കുന്നതു സംബന്ധിച്ച് ഹൈക്കോടതിയിൽ നൽകിയ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്,

(ബി) സർക്കാർ ഇതു സംബന്ധിച്ച് സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർ പ്രൊട്ടക്ഷൻ സ്റ്റേറ്റ് കൗൺസിൽ ഫയൽ ചെയ്ത ഒ.പി.25804/99-ാം നമ്പർ കേസ്സ് ഹൈക്കോടതിയിൽ തീരുമാനത്തിനായി നിലനിൽക്കുകയാണ്.

(ബി)&(സി) സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടനാട്ടിലെ പ്രളയജലം നിയന്ത്രിക്കാൻ നടപടി

37 (3436)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) കുട്ടനാട്ടിലെ പ്രളയജലം നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) അവിടത്തെ വെള്ളപ്പൊക്കം നിയന്ത്രിക്കുവാൻ ഇപ്പോഴുള്ള നടപടികൾ പര്യാപ്തമാണോ;

(സി) കുട്ടനാട്ടിലെ അസംഖ്യം റോഡുകളാണ് വെള്ളപ്പൊക്കമുണ്ടാകാൻ സഹായകരമാകുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,

(ഡി) എങ്കിൽ ഇതിന് പരിഹാര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) കുട്ടനാട്ടിൽക്കൂടി ഒഴുകുന്ന പമ്പ, മണിമല, അച്ചൻകോവിൽ എന്നി നദികളിലും അവയുടെ ശാഖകളിലുംകൂടി ഒഴുകിയെത്തുന്ന പ്രളയ ജലം കടലിലേയ്ക്ക് ഒഴുക്കിവിടുന്നതിനായി തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും നിർമ്മിച്ചിട്ടുണ്ട്. വെള്ളപ്പൊക്കത്തിലുണ്ടാകുന്ന ശക്തമായ ഒഴുക്കിനെ നിയന്ത്രിക്കുവാൻ നദികളുടെയും ശാഖകളുടെയും തീരങ്ങൾ കരിങ്കൽ ഭിത്തികെട്ടി സംരക്ഷിച്ചുവരുന്നു. കൂടാതെ പാടശേഖരങ്ങളുടെ ബണ്ടുകളുടെ ഉയരം കൂട്ടുക, ബലപ്പെടുത്തുക മുതലായ നടപടികളും കൈക്കൊണ്ടുവരുന്നു.

(ബി) പൂർണ്ണമായും പര്യാപ്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) ബണ്ടു റോഡുകൾ മാത്രമാണ് ജലസേചനവകുപ്പ് ഇവിടെ ചെയ്തുവരുന്നത് ഇവയ്ക്ക് പ്രളയജലം കടന്നുപോകത്തക്ക വിധത്തിൽ കലുങ്കുകളും പാലങ്ങളും നിർമ്മിച്ചുവരുന്നു.

ചാലക്കുടി മണ്ഡലത്തിലെ വിവിധ പദ്ധതികൾ

38 (3437)പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട കാടുകുറ്റി, കൊരട്ടി, മേലൂർ, പരിയാരം, കോടശ്ശേരി എന്നീ പഞ്ചായത്തുകളിലും ചാലക്കുടി മുനിസിപ്പാലിറ്റിയിലും അപൂർണ്ണമായി കിടക്കുന്ന ജലസേചന പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും വിശദമായ ഒരു റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പൊയ്കടം, കഴൂർ, വടക്കുംമുറി, പിലാർമൂഴി, താനിപ്പാറ, മാലിക്കുളം എന്നീ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; ഇവ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാവും എന്ന് വിശദീകരിക്കുമോ;

(സി) ചാലക്കുടി പ്രദേശത്തെ പ്രസ്തുത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളെക്കുറിച്ച് വിശദമായി ചർച്ചചെയ്തു തീരുമാനങ്ങൾ എടുക്കാൻ സംസ്ഥാനതല ഉദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥലം എം. എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ഒരു സമ്മേളനം വിളിച്ചു കൂട്ടുമോ?

ഉത്തരം

(എ) ചെറുകിട ജലസേചന പദ്ധതികളുടെ വിവരം

1. കുളയിടം എൽ.ഐ.സ്കീം-കാടുകുറ്റി പഞ്ചായത്ത്

ചാലക്കുടി പുഴയിൽനിന്നും വെള്ളം പമ്പ് ചെയ്തു പ്രസ്തുത സ്കീം പ്രവർത്തിപ്പിക്കണമെന്ന നാട്ടുകാരുടെ ആവശ്യം പരിഗണിച്ച് പദ്ധതി പുനർവിഭാവനം ചെയ്യുന്നതിനായി വച്ചിരിക്കുകയാണ്.

2. കുട്ടപ്പുറം എൽ.ഐ.സ്കീം-കൊരട്ടി പഞ്ചായത്ത് ഈ സ്കീമിന്റെ സിവിൽ പണികളായ പമ്പ് ഹൗസ്, സിസ്റ്റേൺ, 315 എം.എം., പി.വി.സി. പൈപ്പ് സ്ഥാപിക്കൽ ഇവ പൂർത്തീകരിച്ചിട്ടുണ്ട്.

3. വണ്ടിമൂസ് എൻ.ഐ. സ്കീം (മേലൂർ പഞ്ചായത്ത്) ഈ സ്കീമിന്റെ പമ്പ് ഹൗസ് നിർമ്മാർജ്ജനം പൂർത്തികരിച്ചിട്ടുണ്ട്. 70 എച്ച്.പി. യുടെ പമ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ പണികൾ ഏർപ്പാടാക്കിയിട്ടുണ്ട്.

4. കൊമ്പൻപാറ എൽ.ഐ.സ്കീം (പരിയാരം പഞ്ചായത്ത്) പൈപ്പുകൾ സ്ഥാപിക്കൽ ഒഴിച്ചുള്ള സിവിൽ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

5. പിലാർമൂഴി എൽ.ഐ.സ്കീം (കൊട്ടശ്ശേരി പഞ്ചായത്ത്)

ഈ സ്കീമിന്റെ റി കാസ്റ്റ് എസ്റ്റിമേറ്റ് എക്സി. എഞ്ചിനീയർ ഓഫീസിലും വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് ഇലക്ട്രിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിലും പമ്പ്, മോട്ടോർ എന്നിവയുടെ രൂപകൽപ്പന മെക്കാനിക്കൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിലും സൂക്ഷ്മ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly